നമ്പർ എൻ.ഇ.പി (3)-18765/05

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം

തീയതി : 17.08.2007

## സർക്കുലർ

വിഷയം : ഹൈസ്കൂൾ ക്ലാസ്സുകളിലെ 2007-08 അധ്യയനവർഷത്തെ ഒന്നാം പാദവാർഷിക ഐ.ടി.പ്രായോഗിക പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച് -

സൂചന :

സംസ്ഥാനത്തെ ഹൈസ്ക്കൂൾ ക്ലാസ്സുകളിൽ 2004-05 അധ്യയനവർഷം മുതൽ ഐ.ടി. ഒരു വിഷയമാക്കുകയും അതിന് എഴുത്തു പരീക്ഷയും പ്രായോഗിക പരീക്ഷയും ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.. 2007-08 അദ്ധ്യയന വർഷം മുതൽ 8,9,10 ക്ലാസ്സുകളിൽ ലിനക്സ് ഓപ്പറേറ്റിങ്ങ് സിസ്റ്റത്തിലാണ് ഐ.ടി.പഠനം നടക്കുന്നത്. ഇതിനായി പത്താം ക്ലാസ്സിൽ പൂർണ്ണമായും 8,9 ക്ലാസ്സുകളിൽ സപ്ലിമെന്ററിയായും ലിനക്സ് അധിഷ്ഠിതമായ പാഠപുസ്തകങ്ങൾ തയ്യാറാക്കി സ്ക്കൂളുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.. ഈ ക്ലാസ്സുകളിലെ ഐ.ടി പ്രായോഗിക പരീക്ഷനടത്തുന്നതിന് ഐ.ടി.@സ്ക്കൂൾ പ്രോജക്ടിന്റെ നേതൃത്വത്തിൽ എസ്.സി.ഇ.ആർ.ടിയുടേയും ഫ്രീസോഫ്റ്റ്വെയർ ഫൗണ്ടേഷൻ ഓഫ് ഇൻഡ്യയുടേയും സഹായത്തോടെ വികസിപ്പിച്ചെടുത്ത സോഫ്റ്റ്വെയറാണ് ഉപയോഗിക്കുന്നത്. സംസ്ഥാനത്തുടനീളം ഏകീകൃത രീതിയിൽ ഐ.ടി. പ്രായോഗിക പരീക്ഷ നടക്കണമെന്ന ഉദ്ദേശത്തോട് കൂടിയാണ് പ്രസ്തുത സോഫ്റ്റ്വെയർ വികസിപ്പിച്ചെടുത്തത്. 8,9,10 ക്ളാസ്സുകളിൽ 2007-08 അധ്യയനവർഷത്തിൽ നടക്കുന്ന ഐ.ടി പ്രായോഗിക പരീക്ഷകളെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

(1) ഐ.ടി പ്രായോഗിക പരീക്ഷ ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിലാണ് നടക്കുന്നത്.

(2) കഴിഞ്ഞ അധ്യയനവർഷത്തെ മാതൃകയിൽ തന്നെയാണ് ഈ വർഷത്തെ ഐ.ടി പ്രായോഗിക പരീക്ഷയും നടത്തുന്നത്. പ്രായോഗിക പരീക്ഷകൾക്കുള്ള സ്കോറുകൾക്കും പാഠഭാഗങ്ങൾക്കും വ്യത്യാസമുണ്ടായിരിക്കുന്നതല്ല.

(3) ഈ വർഷത്തെ സോഫ്റ്റ്വെയറിന് കഴിഞ്ഞ വർഷത്തേതിൽ നിന്നും വ്യത്യസ്തമായി താഴെ പറയുന്ന പ്രത്യേകതകളുണ്ട്:

i). ഒന്നാം പാദവാർഷിക പരീക്ഷക്ക് വേണ്ടി വിതരണം ചെയ്യുന്ന സോഫ്റ്റ്വെയറിൽ 8,9 ക്ലാസുകളിലെ മൂന്ന് ടേമുകളിലേക്കും 10-ാം

ക്ലാസിലെ ഒന്നും രണ്ടും ടേമുകളിലേക്കുമുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒന്നാം ടേമിൽ നല്കുന്ന ഇൻവിജിലേറ്റർ കോഡ് ഉപയോഗിച്ച് ആ ടേമിലെ ചോദ്യങ്ങൾ മാത്രമേ കാണാനും പരീക്ഷ ചെയ്യാനും സാധിക്കുകയുള്ളൂ.

ii). രണ്ടും മൂന്നും ടേമുകളിലേക്കുള്ള ഇൻവിജിലേറ്റർ കോഡ് അതാത് സമയങ്ങളിൽ ഐ.ടി@സ്കൂൾ പ്രോജക്ട് സ്കൂളുകൾക്ക് ലഭ്യമാക്കുന്നതാണ്.

iii). ഒന്നാം ടേമിൽ സ്കൂളുകൾക്ക് നല്കുന്ന പരീക്ഷാ സോഫ്റ്റ്വെയർ (സി.ഡി) പരീക്ഷ നടത്തികഴിഞ്ഞശേഷം ഹെഡ്മാസ്റ്റർ ഭദ്രമായി സൂക്ഷിച്ചുവയ്ക്കേണ്ടതും മറ്റ് ടേമുകളിലെ പരീക്ഷക്ക് ഉപയോഗിക്കേണ്ടതുമാണ്.

iv). സ്ക്കൂളുകൾക്ക് ലഭിക്കുന്ന പരീക്ഷാ സോഫ്റ്റ്വെയർ പുറമേ പരസ്യപ്പെടുത്തുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ട പൂർണ്ണ ഉത്തരവാദിത്വം സ്കൂൾ ഹെഡ്മാസ്റ്റർക്കാണ്.

v). പത്താം ക്ലാസിലെ മോഡൽ ഐ.ടി പ്രായോഗിക പരീക്ഷ, 2008 മാർച്ചിലെ എസ്.എസ്.എൽ.സി ഐ.ടി പ്രായോഗിക പരീക്ഷ എന്നിവയ്ക്കുള്ള സോഫ്റ്റ്വെയറുകൾ അതത് സമയങ്ങളിൽ പ്രത്യേകമായി ലഭ്യമാക്കുന്നതാണ്.

(4) IT @ School GNU/LINUX ൽ പ്രവർത്തിക്കുന്ന പരീക്ഷാ സോഫ്റ്റ്വെയർ 2007 സെപ്തംബർ 4-ന് മുൻപ് ഐ.ടി @ സ്ക്കൂൾ പ്രോജക്ടിന്റെ നേതൃത്വത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ എത്തിക്കുന്നതാണ്.

(5) ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ എത്തിക്കുന്ന പരീക്ഷാ സാധനങ്ങൾ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ചെയ്യേണ്ടതാണ്. ജില്ലയിലെ പ്രഥമാധ്യാപകരുടെ യോഗം വിളിച്ചുചേർത്ത് ഇത് വിതരണം ചെയ്യേണ്ടതാണ്. ഇതിനായി ജില്ലയിലെ മാസ്റ്റർ ട്രെയ്നർമാരുടെ സേവനം വിനിയോഗിക്കാവുന്നതാണ്.

(6) ഐ.ടി പ്രായോഗികപരീക്ഷാ ചോദ്യങ്ങൾ മുൻകൂട്ടി പ്രസിദ്ധീകരിക്കുന്നതാണ്. ഇത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ **www.education.kerala.gov.in** -ൽ ലഭ്യമാക്കുന്നതാണ്.

(7) പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ടുണ്ടാകാവുന്ന സംശങ്ങൾ ദൂരീകരിക്കുന്നതിനായി സ്കൂൾ ഐ.ടി കോർഡിനേറ്റർമാർക്ക് പരിശീലനം നല്കുന്നതാണ്.

(8) ഒന്നാം ടേം ഐ.ടി പ്രായോഗിക പരീക്ഷ 2007 സെപ്റ്റംബർ 7-ന് തുടങ്ങി സെപ്റ്റംബർ.25-ന് മുൻപ് തീർക്കേണ്ടതാണ്.

(9) ഒന്നാം പാദവാർഷിക ഐ.ടി പ്രായോഗിക പരീക്ഷക്കുൾപ്പെടുത്തി യിട്ടുള്ള പാഠഭാഗങ്ങൾ, സ്ക്കോറുകൾ എന്നിവയെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ അനുബന്ധം (I)-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് സ്കൂൾ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

(10) ഓരോ ക്ലാസ്സിലേയും ഐ.ടി. പ്രായോഗിക പരീക്ഷ മുകളിൽ പറഞ്ഞ സമയത്തിനുള്ളിൽ നടത്തിത്തീർക്കേണ്ടതും കൺസോളിഡേറ്റഡ് സ്കോർഷീറ്റിന്റെ പ്രിന്റ്ഔട്ട് സ്കൂൾ ഐ.ടി കോർഡിനേറ്ററും ഹെഡ്മാസ്റ്ററും ഒപ്പിട്ട് പരിശോധനക്കായി സ്കൂളിൽ സൂക്ഷിക്കേണ്ടതുമാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

**എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും**

**<u>പകർപ്പ് :-</u>**

(1) എല്ലാ DDEമാർക്കും

(2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി.@സ്ക്കൂൾ പ്രോജക്ട്

(3) എല്ലാ പ്രഥമ അദ്ധ്യാപകർക്കും (ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)

(4) ജില്ലാ കോർഡിനേറ്റർ, മാസ്റ്റർ ട്രെയിനർ കോർഡിനേഷൻ/മാസ്റ്റർ ട്രെയിനർ, ഐ.ടി@സ്കൂൾ പ്രോജക്ട്.

## അനുബന്ധം (I)

## 8,9,10 ക്ളാസുകളിലെ ഒന്നാം പാദവാർഷിക ഐ.ടി പ്രായോഗിക പരീക്ഷയെ സംബന്ധിക്കുന്ന വിശദ വിവരങ്ങൾ

പ്രായോഗികപരീക്ഷയ്ക്ക് 20 സ്കോറാണ് നിശ്ചയിച്ചിരിക്കുന്നത്. അതിൽ 18 സ്കോർ ഐ.ടി.ശേഷികൾ പരിശോധിക്കുന്നതിനും 2 സ്കോർ ഐ.ടി പ്രാക്ടിക്കൽ വർക്ക്ബുക്കിനും ആണ്. പ്രാക്ടിക്കൽ വർക്ക്ബുക്കും 18 സ്കോറിനുള്ള ഉത്തരങ്ങളും പ്രായോഗികപരീക്ഷ നടത്തുന്ന അദ്ധ്യാപകർ തന്നെ മൂല്യനിർണ്ണയം നടത്തേണ്ടതാണ്. അദ്ധ്യാപകന്റെ മൂല്യനിർണ്ണയത്തിൽ ലഭിച്ച സ്കോറും പ്രാക്ടിക്കൽ വർക്ക്ബുക്കിന് ലഭിച്ച സ്കോറും സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കും. ഓരോ വിഭാഗത്തിൽ നിന്നും ലഭ്യമാകുന്ന 2 ചോദ്യങ്ങളിൽ ഒരു ചോദ്യത്തിനാണ് കുട്ടികൾ ഉത്തരം നല്കേണ്ടത്. 8,9,10 ക്ലാസ്സുകളിലെ ഒന്നാം പാദവാർഷിക ഐ.ടി പ്രായോഗിക പരീക്ഷയ്ക്കുള്ള പാഠഭാഗങ്ങളും പരീക്ഷയിൽ ഓരോ പാഠഭാഗത്തിനുമുള്ള സ്കോറുകളും താഴെക്കൊടുത്തിരിക്കുന്നു.

### സ്റ്റാൻഡേർഡ് - VIII

| ക്രമ നമ്പർ | വിഭാഗം | പാഠഭാഗം | സോഫ്റ്റ്വെയറിൽ പ്രത്യക്ഷപ്പെടുന്ന ചോദ്യങ്ങൾ | ഉത്തരം നല്കേണ്ട ചോദ്യങ്ങൾ | സ്ക്കോർ | ആകെ സ്ക്കോർ |
|---|---|---|---|---|---|---|
| 1. | Part I | മൗസ് പ്രാക്ടീസ്<br>കീബോർഡ് പ്രാക്ടീസ് | 6 | 3 | 4 X 3 | 12 |
| 2. | Part-II | ടക്സ് പെയിന്റ് | 2 | 1 | 6 | 6 |
| പ്രാക്ടിക്കൽ വർക്ക് ബുക്ക് | | | | | | 2 |
| **ആകെ സ്ക്കോർ** | | | | | | 20 |

## സ്റ്റാൻഡേർഡ് - IX

| ക്രമ നമ്പർ | വിഭാഗം | പാഠഭാഗം | സോഫ്റ്റ് വെയറിൽ പ്രത്യക്ഷപ്പെടുന്ന ചോദ്യങ്ങൾ | ഉത്തരം നല്കേണ്ട ചോദ്യങ്ങൾ | സ്കോർ | ആകെ സ്കോർ |
|---|---|---|---|---|---|---|
| 1. | Part I | വേർഡ് പ്രോസസ്സർ | 6 | 3 | 4 x 3 | 12 |
| 2 | Part-II | ജിമ്പ് | 2 | 1 | 6 | 6 |
| പ്രാക്ടിക്കൽ വർക്ക് ബുക്ക് | | | | | | 2 |
| **ആകെ സ്കോർ** | | | | | | 20 |

## സ്റ്റാൻഡേർഡ് - X

| ക്രമ നമ്പർ | വിഭാഗം | പാഠഭാഗം | സോഫ്റ്റ് വെയറിൽ പ്രത്യക്ഷപ്പെടുന്ന ചോദ്യങ്ങൾ | ഉത്തരം നല്കേണ്ട ചോദ്യങ്ങൾ | സ്കോർ | ആകെ സ്കോർ |
|---|---|---|---|---|---|---|
| 1. | Part I | വേർഡ് പ്രോസസ്സർ | 6 | 3 | 4 x 3 | 12 |
| 2 | | സ്പ്രെഡ്ഷീറ്റ് | | | | |
| 3 | Part-II | ജിമ്പ് | 2 | 1 | 6 | 6 |
| പ്രാക്ടിക്കൽ വർക്ക് ബുക്ക് | | | | | | 2 |
| **ആകെ സ്കോർ** | | | | | | 20 |